# സെന്റ്മേരീസ് ഹൈസ്കൂൾ മരുതോങ്കര

# അക്കാദമിക മാസ്റ്റർപ്ലാൻ

**2025-26**





# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, വിദ്യാലയത്തിൽ വരുന്ന ഓരോ കുട്ടിയുടെയും വ്യക്തിത്വ വളർച്ച ഉറപ്പുവരുത്തി അവരെ നല്ലൊരു സമൂഹം കെട്ടിപ്പടുക്കാൻ പ്രാപ്തരാക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് ഞങ്ങൾ ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഓരോ കുട്ടിയെയും നിങ്ങളുടെ സ്വന്തമെന്ന പോലെ കരുതി വിദ്യ അഭ്യസിപ്പിക്കുക" എന്ന മാക്‌വില്ലൻ സിസ്റ്റേഴ്സിന്റെ ഉപദേശം സ്വീകരിച്ച് ഓരോ കുട്ടിയുടെയും അക്കാദമിക മികവിനുതകുന്ന പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, പൊതുസമൂഹം ഇവരുടെയെല്ലാം അഭിപ്രായങ്ങൾ സ്വരൂപിച്ച് തയ്യാറാക്കിയിരിക്കുന്ന ഈ പ്രവർത്തന രേഖ എല്ലാ കാര്യങ്ങളിലും 100% എന്ന ആശയം മുമ്പോട്ടുവയ്ക്കുന്നു. ലഭ്യമായ എല്ലാ വിഭവങ്ങളെയും ഉപയോഗപ്പെടുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്ര മാക്കി മാറ്റാനും അതുവഴി വിദ്യാലയത്തെ സമൂഹത്തിന്റെ ഒരു സ്ഥാപനമാക്കി മാറ്റാനും ഈ മാസ്റ്റർപ്ലാൻ നിർദ്ദേശിക്കുന്നു. പിന്നോക്കക്കാർക്കും മുന്നോക്കക്കാർക്കും പ്രത്യേക പരിഗണന നൽകുന്നു. വിഷയ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. ഹ്രസ്വ, മധ്യ, ദീർഘകാല പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ പ്രവർത്തനരേഖ ഓരോ കുട്ടിയുടെയും മികവ് ഉറപ്പുവരുത്തുന്നു. അക്കാദമിക മികവിനോടൊപ്പം തന്നെ കുട്ടികളുടെ സ്വഭാവ രൂപവത്കരണത്തിലും ഞങ്ങൾ ഏറെ ശ്രദ്ധ പതിപ്പിക്കുന്നു.

ഈ അധ്യയന വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ ചിട്ടയോടെ ക്രമപ്പെടുത്തിയിരിക്കുന്ന ഈ മാസ്റ്റർപ്ലാൻ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റും എന്ന കാര്യം തീർച്ച. അതിനായി പ്രാർത്ഥിക്കുന്നു. പ്രവർത്തിക്കുന്നു.

# സംഗ്രഹം

വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അക്കാദമിക്ക് മികവ് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്.

. 5 മുതൽ 10 വരെ ഓരോക്ലാസ്സിലും ആർജ്ജിക്കേണ്ടശേഷികളും ധാരണങ്ങളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക (ആശയ ദൃഢത ഉറപ്പാക്കൽ )

. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷയെ അനായാസം കൈകാര്യം ചെയ്യാൻ കുട്ടിക്കളെ പ്രാപ്തരാക്കുക.

. കലാകായിക പ്രവൃത്തി പരിചയ പഠനത്തിൽ താൽപര്യവും പങ്കാളിത്തവും ഉറപ്പുവരുത്തുക.

. ഉന്നതപഠനനിലവാരം കൈവരിക്കാൻ ആവശ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും സൃഷ്ടിക്കുക. (ഭൗതിക സാഹചര്യം, ലാബുകൾ, പഠനോപകരണങ്ങൾ, ലൈബ്രറി)

. കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനും, വളർത്താനും വേദിയൊരുക്കുക
.അധ്യാപകശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

. ക്ലാസ് മുറികളിൽ ICT സാധ്യതകൾ ഉപയോഗിച്ചുള്ള ആശയവിനിമയം ഉറപ്പുവരുത്തുക

. സമൂഹത്തെ വിദ്യാലയത്തിലേക്കും വിദ്യാലയത്തെ സമൂഹത്തിലേക്കും നയിക്കുക.

. പിന്നോക്കകാർക്കും പ്രതിഭകൾക്കും പ്രത്യേക പരിശീലനം ഉറപ്പുവരുത്തുക.

. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.

. കുട്ടികളുടെ സ്വഭാവരൂപവത്കരണം ഉറപ്പുവരുത്തുക.

. കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുക .

. ലഹരി വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക .

. ഹരിതവിദ്യാലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.

. വിദ്യാലത്തിന്റെ ഉന്നമനത്തിനായി പ്രാദേശിക വിഭവങ്ങളെ പ്രയോജനപ്പെടുത്തുക .

. കൃഷിയോടുള്ള താൽപര്യം കുട്ടികളിൽ വളർത്തുക.

. ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക.

. മാലിന്യ നിർമ്മാർജനം അവരവരുടെ കടമയാണ് എന്ന അവബോധം കുട്ടികളിൽ വളർത്തുക.

# സെന്റ്മേരീസ് ഹൈസ്കൂൾ മരുതോങ്കര- ചരിത്രം

കോഴിക്കോട് ജില്ലയുടെ വടക്കേ അറ്റത്ത് വയനാടൻ മലനിരകളുടെ സമീപത്ത് കല്പവൃക്ഷക്കുടക്കീഴിലെ മനോഹരഭൂമിയാണ് മരുതോങ്കര പഴന്തമിഴ് പാട്ടുകളിലെ മരുതം തിണയുടെ സ്ഥലനാമരൂപേണയുള്ള പരാമർശത്തിൽ നിന്നാകാം മരുതോങ്കര എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തി എന്ന് പ്രശസ്തചരിത്രകാരൻമാരായ രാഘവവാര്യർ, രാജൻ ഗുരുക്കൾ എന്നിവർ അഭിപ്രായപ്പെടുന്നു. പ്രതികൂല സാഹചര്യങ്ങളെ ചീന്തിയെറിഞ്ഞ ധീരാത്മാക്കളായ പൂർവ്വികരുടെ കുടിയേറ്റ ചരിത്രം ഈ മണ്ണിന്റെ സ്മൃതികളിൽ നിറഞ്ഞു നിൽക്കുന്നു. വന്യമൃഗങ്ങളോടും, പ്രകൃതിയോടും മല്ലിടുമ്പോഴും അറിവിന്റെ വെളിച്ചം അണയാതിരിക്കാൻ ശ്രമിച്ച പൂർവ്വികർ കൽപവൃക്ഷങ്ങൾക്കൊപ്പം കലാശാലകളെയും വളർത്തി പരിപാലിക്കാൻ ശ്രദ്ധാലുക്കളായിരുന്നു. മരുതോങ്കര പഞ്ചായത്തിലെ സർവേ നമ്പർ 240/ചാർട്ട് സ്ഥലത്താണ് മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. ഏകദേശം മൂന്നര ഏക്കർ സ്ഥലത്ത് മികച്ച രൂപഭംഗിയോടെ നിർമ്മിക്കപ്പെട്ട കെട്ടിടം സ്കൂളിനുണ്ട്.

ഒരു ജനതയുടെ ആശയാഭിലാഷങ്ങളുടെ പൂർത്തീകരണമായി 1937-ൽ പ്രൈമറി സ്കൂൾ ആരംഭിച്ചു. എങ്കിലും ഉന്നതവിദ്യാഭ്യാസത്തിനായി തദ്ദേശീയർ ആശ്രയിച്ചിരുന്നത് വിദൂരസ്ഥലത്തുള്ള സ്കൂളുകളെ ആയിരുന്നു. അതുകൊണ്ടുതന്നെ അക്കാലത്ത് പലരുടെയും വിദ്യാഭ്യാസം പ്രൈമറി കൊണ്ടവസാനിക്കുകയും ചെയ്തിരുന്നു. 1957-ൽ റവ.ഫാ. എവരിസ്റ്റസിന്റെ ശ്രമഫലമായാണ് മരുതോങ്കര ഹൈസ്കൂൾ സ്ഥാപിതമാകുന്നത്. അന്നത്തെ എം. എൽ. എ സി.എച്ച് കണാരന്റെ ആത്മാർത്ഥ ശ്രമം സ്കൂളിന് അനുമതി ലഭിക്കുന്നതിന് ഉണ്ടായിരുന്നു. 1957 ജൂൺ മാസത്തിലാണ് ഹൈസ്കൂൾ തുടങ്ങുന്നതിനുള്ള അനുമതി ED (C) 10092/57 E.H.D of 10-05-1957 എന്നനമ്പറിൽ സർക്കാരിൽ നിന്ന് ലഭിച്ചത്. ആ മാസം 10-ാം തിയ്യതി തന്നെ 15 കുട്ടികളുമായി 8-ാംതരം ആരംഭിച്ചു. ടി.വി. തോമസ് ആയിരുന്നു ആദ്യത്തെ അധ്യാപകൻ, ജൂൺ മാസാവസാനത്തോടുകൂടി 40 കുട്ടികളായി എണ്ണം വർധിച്ചു. മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂളിൽ ആദ്യമായി അഡ്മിഷൻ ലഭിച്ചത് കെ.എം ത്രേസ്യ കാഞ്ഞിരക്കാട്ട് തൊട്ടിയിൽ ആണ്. 1957 ജൂലൈ 1 ന് പ്രധാനാധ്യാപകനായി എൻ. ജെ തോമസ് നിയമിതനായി. 1959 ജൂണിൽ 10-ാം ക്ലാസ് ആരംഭിച്ചതോടെ ഇതൊരു പൂർണ ഹൈസ്കൂളായിത്തീർന്നു. മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂൾ നിരവധി പ്രമുഖ വ്യക്തികളെ നാടിനു സംഭാവന ചെയ്തിട്ടുണ്ട്. 1960 ലാണ് സ്കൂളിന്റെ ആദ്യബാച്ച് SSLC പരീക്ഷയ്ക്കിരിക്കുന്നത്. ആവർഷം 56% കുട്ടികൾ പാസ്സായി. 1968-ൽ 98% വിജയം വരിക്കാനും ഈ സ്കൂളിന് കഴിഞ്ഞു. തുടർന്നുള്ള വർഷങ്ങളിലും വിജയ ശതമാനം മികച്ച രീതിയിൽ നിലനിർത്താൻ ഈ വിദ്യാലയത്തിന് കഴിയുന്നു.

പഠനപ്രവർത്തനങ്ങളിലെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും മരുതോങ്കര ഹൈസ്കൂൾ മുൻപന്തിയിലാണ്. ലിറ്റിൽ കൈറ്റ്, ജെ.ആർ.സി ,സ്കൗട്ട് & ഗൈഡ്, വിദ്യാരംഗം കലാസാഹിത്യവേദി, നേച്ചർക്ലബ് എന്നിവ ഇവിടെ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. പ്രവൃത്തി പരിചയ മേളയിലും വടകര വിദ്യാഭ്യാസ ജില്ലയുടെ സജീവ സാന്നിധ്യമാണ് ഈ വിദ്യാലയം. കായികരംഗത്തും ഏറെ മുൻപന്തിയിലാണ് നമ്മുടെ വിദ്യാലയം .1978-ൽ ദേശീയ തലത്തിൽ റണ്ണേഴ്സ് അപ്പ് നേടിയ കേരളടീമിൽ അംഗങ്ങളായ പി.കെ. അശോകൻ, ഇ.കെ. കുര്യൻ, എം. കെ വിജയൻ മുതലായവർ ഇവിടെ പഠിച്ചവരാണ്.

സ്കൂളിന്റെ ഇപ്പോഴത്തെ പ്രധാനാധ്യാപകൻ ശ്രീ സജി തോമസ് ആണ് . 417 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 28 അധ്യാപകരുണ്ട്. പി.ടി.എ പ്രസിഡണ്ട് ശ്രീ അനീഷ് ടി .എ.യുടെ നേതൃത്വത്തിൽ ശ്രദ്ദേയമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുട്ടികളുടെ സാമൂഹിക പ്രശ്നങ്ങൾക്ക് വലിയൊരളവോളം ആശ്വാസം കണ്ടെത്താൻ പി.ടി എ യ്ക്ക് സാധിക്കുന്നുണ്ട്. കുട്ടികളുടെ മാനസിക പ്രശ്നങ്ങളും വ്യക്തിത്വ വൈകല്യങ്ങളും പരിഹരിക്കുന്നതിനായി കൗൺസിലിങ്ങും നൽകി വരുന്നു. SSLC പരീക്ഷയിലെ മികച്ച വിജയം ലക്ഷ്യമാക്കി ഒട്ടേറെ പ്രവർത്തനങ്ങളും, ബോധവൽക്കരണ പരിപാടികളും സ്റ്റാഫിൻറ്റേയും പി.ടി. എയുടേയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

# നൻമയുടെ പാതയിൽ സ്വഭാവരൂപവത്കരണം

കാലചക്രത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിൽ പലതിനെയും പഴഞ്ചനെന്ന് മുദ്രകുത്തി നാം നാടുകടത്തിയിരിക്കുന്നു. ഓരോ വ്യക്തിയോടും എങ്ങനെ പെരുമാറണം, എന്ത് സംസാരിക്കണം എന്നുപോലും അറിയാത്ത ഒരു ന്യൂജൻതലമുറ വളർന്നു വരികയാണ്. മറ്റുള്ളവരുടെ വൃക്തിത്വത്തെ ബഹുമാനിക്കാൻ അവർക്ക് സാധിക്കുന്നില്ല. ആവശ്യ നേരത്ത് ഒരാളെ സഹായിക്കുന്നതിന് പകരം അയാളുടെ നിസ്സഹായതയുടെ ചിത്രം പകർത്താനും പോസ്റ്റ് ചെയ്യാനും അവർ മത്സരിക്കുന്നു. അവർക്ക് വേണ്ടത് 'ലൈക്കുകളാണ് '. കാര്യങ്ങൾ ഏറ്റെടുത്ത് നിറവേറ്റാനുള്ള ചങ്കുറപ്പ് ആൺകുട്ടികൾക്ക് കൈമോശം വന്നുപോയിരിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ നെഗറ്റീവ് കാര്യങ്ങൾ ചെയ്ത് ശ്രദ്ധപിടിച്ചുപറ്റാൻ ശ്രമിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇവിടെയാണ് അവരെ നമ്മുടെ പാതയിൽ നയിക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയുന്നത്. വിദ്യാലയത്തിൽ എത്തുന്ന കുരുന്നുകളുടെ സ്വഭാവരൂപവത്കരണം നല്ലരീതിയിൽ നടത്താൻ ഉതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു . അവ പ്രാവർത്തികമാക്കി നാളത്തെ സമൂഹത്തെ നൻമയുടെ സമൂഹമാക്കി മാറ്റാൻ ഞങ്ങൾ പരിശ്രമിക്കുന്നതാണ്

. കുട്ടികളുടെ സ്വഭാവവൈകല്യങ്ങൾ പട്ടികപ്പെടുത്തുക.

. പട്ടികപ്പെടുത്തിയ സ്വഭാവ വൈകല്യങ്ങളുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുക.

. അവരുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബാന്തരീക്ഷം മനസ്സിലാക്കുക.

. ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യം ഒരുക്കുക.

. കരുതലോടെയും സ്നേഹത്തോടെയും അവരെ വീണ്ടെടുക്കുക.

. എല്ലാകുട്ടികൾക്കും 2 മാസം കൂടുമ്പോൾ ഗൈഡൻസ് ക്ലാസുകൾ നൽകുക.

. വർഷത്തിൽ 2 പ്രാവശ്യം കൗൺസിലിംഗ് സൗകര്യം ഒരുക്കുക.
. കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് രക്ഷിതാക്കളുമായി നല്ലബന്ധംസ്ഥാപിക്കുക .
. സമൂഹത്തിന്റെ നൻമയ്ക്കായി സേവനം ചെയ്യാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുക.
. നല്ല പ്രവർത്തനങ്ങൾക്ക് അർഹമായ പ്രോത്സാഹനം നൽകുക.
. കുട്ടികളിൽ കാണുന്ന മോശം പ്രവണതകളെ നിരുത്സാഹപ്പെടുത്തുക .
. സ്കൂൾ ജാഗ്രതാസമിതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുക .
. നല്ലശീലങ്ങൾ കുട്ടികളിൽ ദൃഢമാക്കാൻ അധ്യാപകരുടെ നിരന്തര ഇടപെടൽ.

# മലയാളം ആമുഖം

നമ്മുടെ മാതൃഭാഷയായ മലയാളം ഇന്ന് പല വെല്ലുവിളികളും നേരിടുകയാണ് . അന്യഭാഷയുടെ കടന്നുകയറ്റവും സാങ്കേതിക വിദ്യയുടെ അതിപ്രസരവും ഭാഷയ്ക്ക് വെല്ലുവിളിയായി തീർന്നിരിക്കുന്നു. ഈ ഘട്ടത്തിൽ ഭാഷയുടെ തനിമ നിലനിർത്തേണ്ടതും വളർത്തിക്കൊണ്ടുവരേണ്ടതും നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. ഭാഷാപഠനം രസകരവും, അനുഭവവേദ്യവും, സർഗ്ഗശേഷി വളർത്താൻ പര്യാപ്തവുമായ വിധത്തിൽ നമ്മുടെ പാഠ്യപദ്ധതിയെ പരിഷ്ക്കരിക്കേണ്ടതാണ്.

| കാരണങ്ങൾ | ലക്ഷ്യം | (പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മുൻക്ലാസുകളിൽ ആർജിക്കേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല<br><br>അക്ഷരവും ചിഹ്നങ്ങളും ഉറയ്ക്കാത്ത അസ്ഥ.<br><br>എല്ലാ കുട്ടികളേയും പരിഗണിച്ച് അധ്യാപകർക്ക് ക്ലാസ് മുന്നോട് കൊണ്ടുപോകാൻ കഴിയുന്നില്ല | ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുന്നു.<br><br>ഭാഷാപര മായ പിന്നോക്കാവസ്ഥ രിഹരിക്കൽ<br><br>ഭാഷാപരമായ പിന്നോക്കാവസ്ഥ രിഹരിക്കൽ. | മുന്നറിവ് പരിശോധന മുന്നറിവ് പരിശോധി ക്കുന്നതിനായി പരിചിതവാക്ക-കളും ,വിദ്യാലയത്തെ ക്കുറിച്ച് അഞ്ച് വാക്യങ്ങളും എഴുതിപ്പിക്കുന്നു. ഇതിൽ നിന്നും കുട്ടികളുടെ ഭാഷാപരമായ നിലവാരം കണ്ടെത്തുന്നു.<br><br>അക്ഷരം ഉറപ്പിക്കൽ ചിത്രങ്ങളിലൂടെ മല യാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു. കേട്ടെഴുത്ത് നടത്തി തെറ്റ് തിരുത്തുന്നു.<br><br>അടയാളങ്ങൾ ഉറപ്പിക്കൽ | 1 മാസം<br><br>1 മാസം | അധ്യാപകർ<br><br>അധ്യാപകർ | പി ടി എ<br><br>പി ടി എ |

| | | | | | |
|---|---|---|---|---|---|
| വായനയിലുള്ള | കുട്ടികളിലെ വായനാശീലം വളർത്തൽ | ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ<br>അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>അക്ഷരകാർഡിലൂടെ വാക്കുകൾ രൂപികരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരികരിക്കൽ<br>ചിത്രം-അടിക്കുറിപ്പ് ചിത്രം നൽകൽ,അടിക്കുറിപ്പ് പറയിപ്പിക്കൽ<br>കഥ ബാക്കി പറയൽ<br>കഥയുടെ കുറച്ചുഭാഗം നൽകുന്നു.ബാക്കി പൂരിപ്പിക്കൽ<br>എഴുത്ത്<br>വായനാക്കുറിപ്പ്<br>പുസ്തകം നൽകി വായനാകുറിപ്പ് തയ്യാറാക്കുന്നു.<br>ചിത്രവായന-പാഠപുസ്തകത്തിലെയും മറ്റു ചിത്രങ്ങളെകുറിച്ച് പറയുകയും എഴുതുകയും ചെയ്യുന്നു.<br>വായനാക്കൂട്ടം<br>ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഗ്രൂപ്പ് പ്രവർത്തനം നടത്തേണ്ടതിൻറ്റെ പ്രധാന്യം | 1 മാസം<br>2 ആഴ്ച<br>2 മാസ ം | അധ്യാപകർ<br>അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| **കുറവ്<br>നവമാധ്യമങ്ങളുടെ<br>സ്വാധീനം<br>ലൈബ്രേറിയൻറ്റെ<br>അഭാവം<br>പുസ്തകങ്ങൾ<br>വേണ്ടവിധത്തിൽ<br>കുട്ടികളിൽ<br>എത്തിക്കാൻ<br>സാധിക്കാത്തത്.** | | **ബോധ്യപ്പെടുത്തുന്നു<br>.വായനാക്കുറിപ്പ്<br>അവതരിപ്പിക്കുന്നു.<br>ക്ലാസ് ലൈബ്രറി-<br>ക്ലാസ് ലൈബ്രറി<br>സജ്ജീകരണം.<br>സ്കൂൾ ലൈബ്രറി-<br>പുസ്തക<br>വിതരണം,ലൈബ്ര<br>റി നവീകരണം.<br>ചുമർപത്രിക-<br>പതിപ്പ്<br>സർഗശേഷി വളർ<br>ത്താനായി ക്ലാസ്<br>തലത്തിൽ ചുമർ<br>പത്രക ,പതിപ്പ്<br>തയാറാക്ക<br>ൽ,പ്രകാശനം.<br>രചയിതാക്കളെ<br>പരിചയപ്പെടൽ<br>അസംബ്ലിയിൽ<br>സാഹിത്യകാരൻ<br>മാരെപരിചയപ്പെടു<br>ത്തുന്നു. സമീപ<br>ഗ്രന്ഥശാല<br>അംഗത്വം<br>ഗ്രന്ഥശാലയിൽ<br>അംഗത്വമെടുത്ത്<br>പുസ്തകങ്ങൾ<br>വായിക്കുന്നു.വായ<br>നാക്കുറിപ്പ്<br>തയ്യാറാക്കൽ.<br>പത്രവായന<br>വിവിതപത്രങ്ങൾ<br>ക്ലാസ്സിൽ ലഭ്യമാക്കി<br>പത്രക്വിസ്സ് വാർത്ത<br>തയ്യാറാക്ക<br>ൽ,വായന<br>എഴുത്ത്,പത്രം<br>തയ്യാറാക്കൽ<br>,അമ്മ വായന -<br>അമ്മമാർക്ക്** | 1 വർ<br>ഷം<br><br>1<br>മാസം<br><br>1 മാസ<br>ം<br><br>1 വർ<br>ഷം<br><br>1 വർ<br>ഷം | അധ്യാ<br>പകർ<br><br>അധ്യാ<br>പകർ<br><br>അധ്യാ<br>പകർ | പി ടി<br>എ<br><br>പി ടി<br>എ<br><br>പൂർവ്വ<br>വിദ്യാർ<br>ത്ഥിക |

| | | | | | |
|---|---|---|---|---|---|
| മനസിലുള്ള ആശയങ്ങൾ വേണ്ടവിധം എഴുതി ഫലിപ്പിക്കാൻ കഴിയാത്തത്.<br><br>അക്ഷരങ്ങൾ ഉറയ്ക്കാത്തത്<br><br>വായനയിലുള്ള കുറവ്<br><br>ജനിതകമായ പ്രശ്നങ്ങൾ<br><br>ബുദ്ധിമാനത്തിനുള്ള വ്യത്യാസം | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നു.<br><br>ഭിന്നശേഷിക്കാരെ മുൻനിരയിലേക്ക് ഉയർത്തൽ. | പുസ്തകം വായിക്കാൻ നൽകുന്നു.<br><br>എഴുത്തുകൂട്ടം കുട്ടികളെ വിവിധ എഴുത്തു കൂട്ടങ്ങളാക്കുന്നു.വ്യക്തിഗതരചന,സംഘരചന,ചർച്ച.<br><br>സാഹിത്യശാഖകൾ പരിചയപ്പെടൽ വിവിധസാഹിത്യ ശാഖകളായ കഥ,കവിത,ഉപന്യ ◌ാസം എന്നിവ പരിചയപ്പെടുത്തുന്നു .സാഹിത്ത്യസൃഷ്ടി നടത്താൻ വേണ്ടപ്രോൽസാഹനം നൽകുന്നു. ഭിന്നശേഷിക്കാരെ പരിഗണിക്കൽ.ഭിന്നശേഷിക്കാർക്കായി പ്രത്യേക പാക്കേജുകൾ നൽകുന്നു.ഐ.ഇ.ഡി. അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ചിത്ര കാർഡുകൾ കാണിച്ച് അക്ഷരങ്ങളും വാക്കുകളും പരിചയ പ്പെടുത്തുന്നു . കഥകളിലൂടെയും പാട്ടുകളിലൂടെയും ഭാഷ പരിചയപ്പെടുത്തുന്നു .പരിചിതമായ | 1 വർഷം | അധ്യാപകർ<br><br>അധ്യാപകർ | ൾ<br><br>പി ടി എ |

| | | | | | |
|---|---|---|---|---|---|
| ഓരോ നാട്ടിലും സംസാരിക്കുന്ന ഭാഷ കുട്ടികളെ സ്വാധീനിക്കുകയും അവർ ആ രീതിയിൽ സംസാരിക്കുകയും എഴുതുകയും ചെയ്യുന്നു.<br><br>കുട്ടികളിലെ വായനയുടെകുറവ്.<br><br>സർ ഗ്ഗശേഷിപ്രകടിപ്പിക്കാൻ സാധിക്കാതെ വരുന്നത്<br><br>പൊതുവേദിയിൽ വരാനുള്ള മടി. | പ്രാദേശിക ഭാഷയും മാനകഭാഷയും തമ്മിലുള്ള വ്യത്യാസം തിരിചറിയുന്നു.<br><br>സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നു. | വിഷയത്തെപ്പറ്റി കുട്ടികൾ സംസാരിക്കുന്നു. അതിൽ വന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നു. തുടർന്ന് ഇഷ്ടമുള്ള വിഷയത്തെപ്പറ്റി എഴുതുന്നു. എഴുതിയ കുറിപ്പുകൾ വായിച്ച് തിരുത്തലുകൾ നടത്തുന്നു. ഗദ്യഭാഷയുടെ നല്ല മാതൃകകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം. വായനയും എഴുത്തും മെച്ച പ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്തുന്നു. രചനാമൽസരങ്ങൾ നട ത്തുന്നു.<br><br>ദിനാചരണങ്ങൾ നടത്തുന്നു. സർ ഗവേള കുട്ടികളുടെ കലാപരവും സർഗാത്മകവുമായ കഴിവുകൾ മറ്റുകുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ദിനാചരണങ്ങൾ നടത്തുന്നു.ശിൽപ്പശ | 2 മാസം<br><br>1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| സാങ്കേതിക വിദ്യയിലുള്ള നൈപുണികുറവ്.<br><br>എല്ലാ പാഠഭാഗങ്ങളും ഈ രീതിയിൽ പഠനം നടത്താൻ ബുദ്ധിമുട്ട് നേരിടുന്നു. | സാങ്കേതിക വിദ്യയിലൂടെ ഭാഷാനൈപുണി നേടൽ. | ാല നടത്തുന്നു.കഥ,കവിത,നാടകം തുടങ്ങിയവ രചിക്കാനും പ്രോൽസാഹിപ്പിക്കാനും ശിൽപ്പശാല നടത്തുന്നു.അഭിനയശേഷി വളർത്തുന്ന കുട്ടികൾ പഠിച്ചകഥ,കവിത ഇവ നാടകീകരണം നടത്തി നാടകമായി അവതരിപ്പിക്കുന്നു. സ്ക്രിപ്റ്റ് സ്വയം എഴുതി ഏകാഭിനയം നടത്തുന്നു.വായന ക്കൂട്ടത്തിന്റേയും, എഴുത്തു കൂട്ടത്തിന്റേയും നേതൃത്വത്തിൽ ഇ വായന നടത്തുന്നു. വിവിധ കൃതികൾ, കവിത എന്നിവ വീഡിയോയിലൂടെ കാണുന്നു.പാഠഭാഗങ്ങളിൽ ഐ.ടി സാധ്യത കൂടുതൽ പ്രയോജനപ്പെടുത്തുന്നു.മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു. മലയാളം അക്ഷരങ്ങൾ ടൈപ്പ്ചെയ്യുന്ന വിധം പരിശീലിപ്പിക്കുന്നു. തുഞ്ചൻ പറമ്പ്, വള്ളത്തോൾ നഗർ | 1 വർഷം<br><br>1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | **സാഹിത്യകാരൻമാരെ കുറിച്ച കൂടുതൽ അവബോധം ഉണ്ടാക്കുക.** | **എന്നീ സ്ഥലങ്ങൾ സന്ദർശിക്കുന്നതുമായി ബന്ധപ്പെട്ട് ആലോചനാ യോഗം ചേരുന്നു. പഠനയാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുന്നു. യാത്രക്ക് ശേഷം യാത്രാനുഭവകുറിപ്പ് തയ്യാറാക്കുന്നു മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും തിരിച്ചറിയുന്ന പദ്ധതി. ഇതുവഴി ഭാഷയോടും സംസ്കാരത്തോടും സ്നേഹവും ആദരവും വളർത്താൻ കഴിയുന്നു.** | 2 മാസം<br><br>1 ആഴ്ച | | പി.ടി എ<br><br>പി ടി എ |

| | | | | | |
|---|---|---|---|---|---|

# English

**Preface**

**English place and important role in our everyday life .there is great utility of English in modern world. so the use of English should be continued along with the other regional language .English serves a link language in the country there are some absolute advantages of regional languages over English .not doubts .but inspite of that there is the need and importance of English language in your life .**

**English for students**

**As it is the aim of a language for the development of the four skill in every child English teaching is also aiming at 4 skill . listening speaking reading and writing .it is not the goal of a language teacher to make a his or her student to achieve A+ in English exam .but to help the student to acquire the language in taking should be a natural process for that every child should be exposed to the language .the student we get in the school are different level of IQ.some can learn the language quickly but a few cannot more scafolding is needed for much students they should be able to write at least that names**

**listening**

**It is very important to accure the listening skill for communication ensuring possibilities in each English class to make the student here different forms of language. example listening of news reading, stories or poems, audio clippings .it may be difficult for the students to compression the audio in beginning but continuous achieves make them is to acquire listening skill .**

**speaking**

**The many educated people to feel it is difficult to speak in English .they can write the in English but I afraid to speak .so make the students confident in speaking English t.hey are asked it to do some activities .**

- **Talk on given topics**
- **debate on interesting topics**
- **role play**
-

**Reading**

**reading comprehension is ability to read text process its an understands its meaning ways to help students to improve reading skill create an English writing atmosphere creative record of progress that they have done with the given material the student created journey of summary of the material they have read**

**writing**

**Writing skill play an important role in communication would writing skill help us to communicate our message with a clarity and eastway for larger audience than true face to face face to improve writing skill reading on a regular basing is an easy to develop our writing skill correct grammar punctuation and spelling are invitable for written communication**

| **Process** | **Remedy** | Duration | charge | finance |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| **Classroom using ICT**<br><br>**srg**<br><br>**acquiring speaking skill**<br><br>**acquiring writing skill** | • **Dialogues**<br>• **skit**<br>• **drama**<br>• **interview with resource person**<br>• **hi tech classroom short films video clipping**<br>• **lessons**<br>• **analysing mouthly**<br>• **classroom feedback**<br>• **training classes illustrating pictures**<br>• **talk on given topics**<br>• **debate**<br>• **role play**<br>• **English assembly**<br>• **sargavela**<br>• **promoting English speaking in class situation and speaking book review**<br>• **diary entry**<br>• **dictionary making c**<br>• **class magazine**<br>• **wall magazine**<br>• **writing competition** | 1year<br><br>1year<br><br>1year | Teachers<br><br>teachers<br><br>teachers | PTA<br><br>MLA FUND<br><br>PTA |

| | | | | |
|---|---|---|---|---|
| **finding out the backward students**<br><br>**pretest** | • **verisfication**<br>• **picture description**<br>• **card making**<br>• **poster profile**<br>• **notice**<br>• **collage**<br>•<br>• **letter**<br>• **news report**<br>• **training for acquiring the skill**<br>• **listening of news reading stories or poem**<br>• **s audio clipping**<br>• **comprehensive task for the listened** | 1year | teachers | |

# അടിസ്ഥാനഗണിതം

**ആമുഖം**

**ഏറ്റവും വിഷമമുള്ള വിഷയം ഏത് എന്നതിന് ഭൂരിഭാഗം കുട്ടികളുടെയും ഉത്തരം ഗണിതം എന്നാണ്. ഇതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരനടപടികൾ സ്വീകരിക്കുമ്പോൾ ഗണിതം, ഭയം മാറി ആസ്വദിക്കാൻ പറ്റുന്ന ഒരു വിശയമായി മാറ്റുന്നുണ്ടോ എന്ന് എനിക്ക് പഠിക്കാൻ കഴിയുന്ന വിഷയമാണ് നമ്മൾ പരിശോധിക്കണം. ഗണിതം എന്ന വിശ്വാസം ഓരോ കുട്ടിയിലും സൃഷ്ടിക്കണം. അതിന് സഹായകരമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമ്മൾ നടപ്പിൽ വരുത്തേണ്ടത്. അതിന് ഏറെ സഹായിക്കുന്നതാണ് ഈ പേശവിശകലന റിപ്പോർട്ട്.**

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | പ്രിടെന്റ് നടത്തി ലിസ്റ്റ് | ജൂൺ ആദ്യവാരം തുടർ | അധ്യാപകർ |

| | | | |
|---|---|---|---|
| **ആശയധാരണ കൈവരിക്കൽ** | **തയ്യാറാക്കൽ. മാത്സ്ക്ലിനിക്** | **പ്രവർത്തനം** | മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| **2. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ,ആളവുകൾ ഇവ പരിചയപ്പെടൽ** | **ശിൽപശാല നടത്തുന്നു.ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.** | **വർഷത്തിൽ ഒന്ന്** | അധ്യാപകർ ഘണഇത ക്ലബ് |
| **3. ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടൽ** | **ഓരോ ക്ലാസ്സിലും ഓലവ ഗണിത ശാസ്ത്രജ്ഞരുടെ ഫോട്ടോയും അവരെക്കുറിച്ചുള്ള വിവരണങ്ങളും** | സെപ്റ്റംബർ മാസം | **ഗണിതകബ്ബ് അംഗങ്ങൾ** |
| **4. സംഘബോധമുണ്ടാക്കൽ, പിന്നോക്കത്തിലുള്ള കുട്ടികൾക്ക് പിൻതുണ നൽകൻ** | **സംഘപഠനം** | **തുടർപ്രവർത്തനം** | **അധ്യാപകർ ഗണിതക്ലബ്** |
| **5. ആഴത്തിലുള്ള ഗണിതശാസ്ത്ര പൊതുവിജ്ഞാനം** | **ഗണിതശാസ്ത്ര ക്വിസ്, ക്ലാസ്സ്തലം, സ്കൂൾതലം** | **ടേമിൽ ഒന്ന്** | അധ്യാപകർ ഗണിത ശാസ്ത്ര ക്ലബ് |
| **6. അധ്യാപകർ കാലാനുസൃതമായി ചെറിയ ക്ലാസ്സ് മുതലുള്ള പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാം മുറപ്പിക്കുന്നു.** | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ,ചർചർചർചറ് ചർചകൾ ,പഠനാസൂത്രണം | **അക്കാധമിക വർഷം, തുടർപ്രവർത്തനം ടേമിൽ ഒന്ന്** | അധ്യാപകർ<br>**അധ്യാപകർ** |
| **8. ഗണിതമത്സര വേദിയിലേക്ക്** | ഗണിത ക്ലബിൻറ്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ | മാസത്തിൽ ഒന്ന് | ക്ലബ് **അധ്യാപകർ** സെക്രട്ടറി |
| **9. ഗണിതലാബ്** | പഠനോപകരണങ്ങൾ ശേഖരിക്കൽ | നവംബർ | ക്ലബ് അഗംങ്ങൾ |
| | | | |

**UP**

| **ലക്ഷ്യം** | **പഠന പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ | ഗണിത ശില്പശാല, കളി രീതിയിലൂടെ | ജൂലൈ-ഡിസംബർ | ഗണിത ക്ലബ്,അധ്യാപക | പി ടി എ |

| | | | | |
|---|---|---|---|---|
| എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു<br><br>രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും<br><br>ഗണി പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ<br><br>ഗണിതം മധുരം ആക്കൽ<br><br>ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ<br><br>ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യത<br><br>മുന്നോക്ക പിന്നോക്ക കാർക്കുള്ള പ്രവർത്തനം<br><br>വിവിധ ശേഷികളുടെ വികസനം | അടിസ്ഥാനക്രിയ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ഫ്ലാഷ്, കാർഡ്<br><br>ഒറിഗാമി ശില്പശാല.. ഒർഗാമികളുടെ രണ്ട് ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു .അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുന്നു. പ്രദർശനം<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ ,ഗണിത പാർക്ക് ,<br><br>നാട്ടിലെ ഗണിതം …നാട്ടിൽ ഗണിതത്തിൽ പ്രാവീണ്യമുള്ളവരെ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക ക്ലാസ്സ്, ഐസിടി സാധ്യതകളിലൂടെ പഠന പിന്തുണ | സെപ്റ്റംബർ<br><br>ജൂലൈ-ഡിസംബർ<br><br>3,4 പ്രാവശ്യം<br><br>ആഴ്ചയിൽ 2 ദിവസം<br><br>ദിനങ്ങൾ വരുന്നതിനനുസരിച്ച് | ർ,എസ് ആർജി<br><br>ഗണിത ക്ലബ്,അധ്യാപകർ,എസ് ആർജി<br><br>ഗണിത ക്ലബ്,അധ്യാപകർ,എസ് ആർജി | പി ടി എ<br><br>പി ടി എ |

| | | | | |
|---|---|---|---|---|
| | ആവശ്യമുള്ള കുട്ടികൾക്ക് മുൻനിരയിൽ നിൽക്കുന്ന കുട്ടികളെ ഉപയോഗിച്ച് ക്ലാസ്, നടത്തുന്നു ഗണിത ക്വിസ്, സംശയനിവാരണം, ദിനാചരണം ,ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ വരുന്ന ദിനാചരണ പ്രവർത്തനങ്ങൾ നിശ്ചയിച്ച് സംഘടിപ്പിക്കുന്നു. | | | പി ടി എ |

# സാമൂഹ്യശാസ്ത്രം.

സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ ഫലപ്രദമായ വിനിമയം സങ്കീർണ്ണമായ ഒരു പ്രക്രിയ ആണ്. നാം ജീവിക്കുന്ന ലോകത്തിന്റെ ഗതിവിഗതികളും വികാസപരിണാമങ്ങളും കണക്കിലെടുക്കുമ്പോൾ ഇത് അശ്രദ്ധയോടെ കൈകാര്യം ചെയ്യാനാവില്ല. വിഷയം കൈകാര്യം ചെയ്യുമ്പോൾ  അധ്യപകരും പഠിക്കുമ്പോൾ കുട്ടിയും നേരിടുന്ന വൈഷമ്യങ്ങൾ പരിഹാരമുണ്ടാകേണ്ടതുണ്ട് .ഇതേകുറിച്ച് സ്കൂൾതലത്തിൽതന്നെ വിശദമായ കൂടിയാലോചനകളും സമയബന്ധിതമായ ആസൂത്രണ പദ്ധതികളും രൂപപ്പെട്ടു വരണം. അതിനുള്ള ആദ്യപടിമാണ് സ്കൂൾ തലത്തിലുള്ള ഈ ആസൂത്രണം.

## കുട്ടി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

**1.** ചരിത്രത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയില്ലാത്ത അവസ്ഥ ചരിത്രം പഠിക്കുന്നത് എന്തിന് എന്ന് നിശ്ചയമില്ലാത്ത അവസ്ഥ .

**2.** സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അടിസ്ഥാന ധാരണകളും പ്രായോഗിക കാഴ്ചപ്പാടുകളും ഇല്ലാത്ത അവസ്ഥ .

**3.** ഭൂപടത്തിൽ സ്ഥലങ്ങളുടെയും ഭൗമോപരിതല സവിശേഷതകളുടെയും സ്ഥാനം നിർണയിക്കുന്നതിൽ പ്രയാസം അനുഭവപ്പെടുന്നു .

**4.** പാഠപുസ്തക വായന ,അധിക വായന ,പത്രവായന എന്നിവയുടെ അഭാവം .

5.വേണ്ടത്ര പഠന സാമഗ്രികൾ സ്കൂളിൽ ഇല്ലാത്തത് സുഗമമായ പഠനത്തിന് തടസ്സമാകുന്നു.

6.പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പഠനത്തിന്റെ അഭാവം , നേർ അനുഭവങ്ങൾ ലഭിക്കാനുള്ള സമയവും സാഹചര്യവും ഇല്ലാത്ത സ്ഥിതി മുതലായവ കുട്ടികൾക്ക് പഠനം വിരസമായി തോന്നാൻ ഇടയാക്കുന്നു.

# പരിഹാര നിർദേശങ്ങൾ

1. ചരിത്രസംഭവങ്ങളുടെ ആൽബം ,സിഡി എന്നിവ തയ്യാറാക്കുകയും ഐസിടി ഉപയോഗിച്ച് ദൃശ്യആവിഷ്കാരം നടത്തുകയും ചെയ്യുക .

2.ചാർട്ടുകൾ ,മാപ്പ് ,ബ്ലോഗ് എന്നിവ കൂടുതൽ ഉപയോഗിക്കുക .സെമിനാറുകൾ അസൈമെന്റ് പ്രോജക്ട് എന്നിവയ്ക്കും കൂടുതൽ പ്രാധാന്യം നൽകുക .

3.ഓരോ ദിവസത്തെയും പത്രവാർത്തയുമായി ബന്ധപ്പെട്ട പ്രശ്നോത്തരികളോ സംവാദങ്ങളും സംഘടിപ്പിക്കുക .

4.ഓരോ കുട്ടിക്കും പാഠപുസ്തകം എന്നപോലെ ആവശ്യമായ ഭൂപടങ്ങൾ ,അറ്റ്ലസ്,ചാർട്ടുകൾ എന്നിവ സ്വന്തമായിട്ടു ഉണ്ടായിരിക്കുക .

5.സ്കൂൾ വിനോദയാത്രയ്ക്ക് പകരം പഠനയാത്രകൾ സംഘടിപ്പിക്കുക .ഉല്ലാസത്തോടൊപ്പം പഠനത്തിനുള്ള അവസരവും ഉണ്ടായിരിക്കണം അനുയോജ്യമായ സ്ഥലങ്ങൾ തിരഞ്ഞെടുക്കുക.

# മേഖല -ഹൈസ്കൂൾ

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പഠന പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക . | ചരിത്രമുറങ്ങുന്ന മണ്ണിലൂടെ സർവ്വേ പ്രൊജക്റ്റ് ,ചർച്ച സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു . | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകർ . | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| **2.** ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ്, മാപ്പുകൾ ,ബ്ലോഗ് എന്നിവ പരിചിതമാകുന്നു . | വർഷം മുഴുവൻ . | സാമൂഹ്യശാസ്ത്ര അധ്യാപകർ . | |
| **3.** കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാന ം വളർത്തുക | സാമൂഹ്യശാസ്ത്രവുമ ായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ,ദിനാചരണങ്ങൾ പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക ,വീഡിയോ പ്രദർശനം, പ്രൊജക്റ്റും സിനിമ [ചരിത്ര സിനിമ പ്രദർശനം ] | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകർ . | |
| **4.** വ്യത്യസ്ത മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെ കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ | വിവിധ മേഖലയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ | അക്കാദമിക വർഷം മുഴുവൻ. | സാമൂഹ്യശാസ്ത്ര അധ്യാപകർ . | |

| | | | | |
|---|---|---|---|---|
| പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ക്രമീകരണം. കണ്ടും ,കേട്ടും തൊട്ടറിഞ്ഞും പഠനം രസകരമായി മാറ്റുന്നു . | | | |
| | | | | |

# സയൻസ് -ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം .കാഴ്ച ,കേൾവി,രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെ ചുറ്റുപാടുകൾ നമുക്ക് അനുഭവഭേദ്യമായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് കുട്ടിയെ നയിക്കുന്നു .യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും പരീക്ഷണങ്ങൾ ചെയ്യുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നു.സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധധാരണങ്ങളും ചൂഷണങ്ങളും തട്ടിപ്പുകളും ഉണ്ടാവുകയില്ല .ഇത്തരത്തിലുള്ള ഒരു സമീപനം നമുക്ക് ഉറപ്പാക്കാം

യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ കുട്ടികളെ തൽപരരാക്കാൻ ഉതകുന്ന രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കൽ . | അസ്ഥികൂടങ്ങൾ സ്പെസിമെൻസ്,ഹെർബേറിയം, പഴയകാല ഉപകരണങ്ങൾ, അളവ് ഉപകരണങ്ങൾ, | June - july | HM | സ്പോൺസർഷിപ്പ് |
| | ഔഷധത്തോട്ടം, പ്രകൃതി സൗഹൃദ ക്ലാസ് റൂമുകൾ | August | മാനേജ്മെന്റ് | ജില്ലാ പഞ്ചായത്ത് |
| | ജൈവവൈവിധ്യം പാർക്ക് ,ശലഭ പാർക്ക് | September | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | മരങ്ങളുടെ ശാസ്ത്രീയ നാമ ബോർഡ്<br><br>ആർട്ട് ഗ്യാലറി [ശാസ്ത്രജ്ഞർ] | October<br><br>November - December | **PTA** | |

ഹൈസ്കൂൾ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൗതുകം,ജിജ്ഞ ാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കു ക. | ലഘുപരീക്ഷണ ങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കു ാൻ അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | 1 വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു. | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം .<br><br>ക്ലാസുകളിൽ ലഘു പ്രൊജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദികളി ൽ | 1 വർഷം<br><br>അക്കാദമിക വർ ഷം 1 തവണ | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | പി.ടി.എ<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br><br>ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക പ്രസിദ്ധീകരണം .<br><br>സയൻസ് ലാബ് ,ഐടി ലാബ് നവീകരണം | അക്കാദമിക വർഷം .<br><br>അക്കാദമിക വർഷം . | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | പി.ടി.എ<br><br>പി.ടി.എ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം . | സയൻസ് അധ്യാപകർ | പി.ടി.എ |
| അന്വേഷണ ത്രുഷ്ണ വർദ്ധിപ്പിക്കൽ നേര അറിവ് നേടൽ. | പുത്തൻ സാങ്കേതികവി പുത്തൻ കണ്ടെത്തൽ പരിചയപ്പെടുന്നു .<br><br>ക്വിസ്,സെമിനാർ ,പ്രൊജക്ട് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br><br>ശാസ്ത്രകാരന്മാരുമ ായി സംവദിക്കുന്നു | അക്കാദമിക വർഷം .<br><br>അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ<br><br>സയൻസ് ക്ലബ് | രക്ഷിതാക്കൾ<br><br>പി.ടി.എ |

# ഹിന്ദി യു.പി

| നമ്പർ | പ്രവർത്തനങ്ങൾ | കാലാദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ നിലവാരം കണ്ടെത്തൽ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ | 6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ |
| 2 | അക്ഷരങ്ങളുമായി അടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു . | ജൂൺ | 5 | ഹിന്ദി അധ്യാപകർ | വായിക്കുവാനും എഴുതുവാനും ആശയവിനിമയം നടത്തുന്നതിനും ശേഷി വർദ്ധിപ്പിക്കൽ. |
| 3 | കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു . | ജൂൺ | 5,6,7 | | |
| 4 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | വായിക്കുക ദൈനദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിക്കുക . ഹിന്ദിയിൽ എണ്ണം ആഴ്ച മാസം എന്നിവയുടെ ദൈനംദിന അവതരണം . | | | | |
| 5 | സി ഡബ്ല്യു എസ് എൻ എസ് കുട്ടികളുമായി പ്രത്യേക പല വർണ്ണങ്ങളുള്ള അക്ഷരമാല അവതരണം . | ആഴ്ചയിൽ ഒരിക്കൽ | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിലുള്ള ചെറിയ കവിത കഥ വായിപ്പിക്കുക. | ആഴ്ചയിൽ ഒരിക്കൽ | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | ഹിന്ദിയിൽ പത്രിക തയ്യാറാക്കുക | ജനുവരി | 5,6,7 | | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക , ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക . | പ്രതിദിനം | | | |
| 9 | ഹിന്ദി അന്തരീക്ഷവുമായി | 6 മാസം | | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ബന്ധപ്പെടാൻ അവസരം ഹിന്ദി ,വാർ ത്ത ,സിനിമ എന്നിവ കാണാൻ അവസരം . | | | | |
| 10 | കുട്ടികൾക്ക് മാനസിക ഉല്ലാസം നിലനിർത്തി കൊണ്ട് ICT ഉപയോഗിച്ച് ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പമാക്കാനും ഉള്ള പ്രവർത്തനങ്ങൾ. | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ | |

# ഹിന്ദി എച്ച്.എസ്

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷിക്കുറവ് | ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക. വായനക്കാർട് നിർമ്മാണം. ഹിന്ദി ദിനാചരണങ്ങൾ. | 1 വർഷം | | |
| ഹിന്ദി അന്തരീക്ഷം എഴുത്ത് മെച്ചപ്പെടൽ | ഹിന്ദി സാഹിത്യകാരന്മാരുടെ പേര് ചിത്രആൽബത്തിൽ | | | |

| | | | | |
|---|---|---|---|---|
| | എഴുതുക<br>നാടക ഗ്രൂപ്പ് | | | |
| ഹിന്ദി ഭാഷയുടെ അവഗണനന | ഹിന്ദി സംസ്ഥാനത്തി ലേക്ക് ഒരു യാത്ര<br>ഹിന്ദി ക്യാമ്പ്<br>ഹിന്ദി ഫെസ്റ്റ്<br>സുഗമ ഹിന്ദി പരീക്ഷണം നടത്തുന്ന ഒന്നാം ക്ലാസ് മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക | 6 മാസം | | |
| പദപരിചയം<br>ഐടി പരിജ്ഞാനക്കുറവ് | വർക്ക് ഷീറ്റ് നിർ മാണം,ലൈഹ്ററി ഉപയോഗം | ആകസ്റ്റ് - സെപ്റ്റംബർ | | |
| ഹിന്ദി താല്പര്യക്കുറവ് | സിനിമ കാർട്ടൂൺ പ്രദർശനം | | | |
| ഹിന്ദി ആശയപ്രകടനത്തിന് ബുദ്ധിമുട്ട് | സ്പോക്കൺ ഹിന്ദി | 6 മാസം | | |
| പ്രതിപകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | പഠനത്തോടൊപ്പ ം പദ്ധതി പണത്തോടൊപ്പ ം ചെറിയ ഹിന്ദി കോഴ്സുകൾ | മാസത്തിൽ | | |

# ഉർദു യുപി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | |
|---|---|---|---|---|
| ഇന്ത്യയിൽ കൂടുതൽ ആളുകളും ഉപയോഗിക്കുന്ന ഭാഷകളിൽ | ഭാഷാജ്ഞാനം ,അക്ഷരക്കാട്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരം എഴുത്ത്, | | | |

| | | | | |
|---|---|---|---|---|
| ഒന്നാണ് ഉർദു. യുപി ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉറുദു അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ കേൾക്കുന്നതും കാണുന്നതുമായ ഉറുദു വസ്തുക്കളുടെ പേര് ഉർദുവിൽ പഠിക്കുക. കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരിക. മത്സര പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കൽ . ഓരോ കുട്ടികളുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം ഒഴിവാക്കുന്നതിനും വേണ്ടി ക്ലാസ്സ് റൂം ആകർഷകമാക്കുന്നതിൽ നിന്ന് കലാമത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കാൻ . | അക്ഷരമാലകളി, അക്ഷരം നിർമ്മിക്കൽ, കഥകൾ ,പാട്ടുകൾ കേൾപ്പിക്കുക, കാർട്ടൂൺ, പറയാൻ പഠിക്കാം, ചിത്രങ്ങളുടെ പേര് പറയൂ, ചിത്രകഥകൾ, ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ, ഐസിടിയുടെ സഹായത്താൽ അറിയാത്ത വാക്കുകൾ മനസ്സിലാക്കാനുള്ള പരിശീലനം, തിരഞ്ഞെടുത്താൽ ലളിതമായ പുസ്തകങ്ങൾ ലൈബ്രറിയിൽ സജ്ജീകരിക്കുക, ഓരോ ദിവസവും ക്ലാസ്സിൽ ഒരു കുട്ടി അഞ്ചു മിനിറ്റ് പുസ്തകം ഉറക്കെ വായിക്കുക, വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക, ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കുക, പഠനോപകരണ നിർമ്മാണം, കലണ്ടർ നിർമാണം | | | |

| | | | | |
|---|---|---|---|---|
| | ,ഗൃഹ സന്ദർശനം ,പഠനയാത്ര ,എല്ലാ മാസവും ക്വിസ് മത്സരങ്ങൾ നടത്തുന്നു, മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കുന്നു കഥകൾ കവിതകൾ തുടങ്ങിയവയുടെ വീഡിയോ കാണുവാൻ അവസരം നൽകുന്നു, വിവരണം പറയാനുള്ള കഴിവ് കണ്ടെത്തി അവസരം നൽകുന്നു ,ഗൃഹ സന്ദർശനം നടത്തുന്നു ,പഠന സാമ്പത്തികൾ ഒരുക്കുന്നു, സൗകര്യപ്രദമായ ഒരു ഇരിപ്പിടം ഒരുക്കുന്നു ,ക്ലാസ് തലത്തിൽ കുട്ടികളുടെ വിവിധ കലാവാസനകൾ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു, മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | | | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ | ഭാഷ ജ്ഞാനം, | ജൂൺ-ഓഗസ്റ്റ് | | PTA |

| | | | | |
|---|---|---|---|---|
| **ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം യുപിതലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ**<br>**വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക**<br>**വയനാലോകം കുട്ടിയുടെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരാൻ കരിക്കിൻ ലക്ഷ്യം വയ്ക്കുന്ന സംസ്കൃതം ഭാഷാ പഠനം നേട്ടങ്ങൾ മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ** | അക്ഷരം എഴുത്ത് ,ചിഹ്നം ഉറപ്പിക്കൽ, അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ ,അക്ഷരം നിർമ്മിക്കൽ, കാർട്ടൂൺ പ്രദർശനം, പാട്ടുകളും കഥകളും കേൾപ്പിക്കുക, പറയാൻ പഠിക്കാം, ചിത്രങ്ങളുടെ പേര് പറയൽ, ചിത്രകഥകൾ, ലഘുസംഭാഷണങ്ങൾ , നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ, വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ , ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കുക ,തിര ഞ്ഞെടുത്ത ലളിതമായ പുസ്തകത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക ,ഓരോ സംസ്കൃതം ക്ലാസ്സിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേ ഉറക്കെ വായിക്കുക ,വായിച്ച പുസ്തകങ്ങൾ | ജൂൺ-ജൂലൈ<br>ജൂൺ-ജൂലൈ<br>സെപ്റ്റംബർ-ഒക്ടോബർ<br>6 മാസം | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>സംസ്കൃതം കഥാപുസ്തക ICT<br>കഥാപുസ്തകം<br>സംസ്കൃതം നിഘണ്ടു<br>ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപകർ<br>റിസോഴ്സ് അധ്യാപകർ<br>സംസ്കൃതം അധ്യാപകർ<br>സംസ്കൃതം അധ്യാപകർ |

| | | | | |
|---|---|---|---|---|
| **ആസ്വാദനലോക<br>ം ഓരോ<br>കുട്ടിയുടെയും<br>ആസ്വാദനശേഷി<br>വർദ്ധിപ്പിക്കാനും<br>സഭാ നിവാരണം<br>ചെയ്യാനും വേണ്ടി** | രേഖപ്പെടുത്തുക,<br>കൂടുതൽ പുസ്തകങ്ങൾ<br>വായിച്ച കുട്ടിയെ<br>അനുമോദിക്കുക,<br>പഠനോപകരണ<br>നിർമ്മാണം, കലണ്ടർ<br>നിർമ്മാണം,<br>ഗൃഹസന്ദർശനം,<br>പഠനയാത്ര, ആ<br>ആനുകാലികങ്ങൾ<br>വായിക്കൽ ,എല്ലാ<br>മാസവും പ്രശ്നോത്തരി<br>മത്സരങ്ങൾ , മാതൃക<br>ചോദ്യപേപ്പറുകൾ<br>തയ്യാറാക്കുക 'നാടകം<br>കൂത്ത് തുടങ്ങിയവയുടെ<br>വീഡിയോ കാണുവാൻ<br>അവസരം നൽകുക',<br><br>ക്ലാസ് തലത്തിൽ<br>കുട്ടികളുടെ വിവിധ<br>കഥാവാസനങ്ങൾ<br>കണ്ടെത്തുവാനുള്ള<br>പ്രവർത്തനങ്ങൾ<br>നൽകുന്നു,<br>മത്സരങ്ങൾക്ക് വേണ്ടി<br>പങ്കെടുക്കുവാൻ<br>കുട്ടികൾക്ക് പ്രത്യേക<br>പരിശീലനം നൽകുന്നു. | ജൂൺ-മാർച്ച്<br><br>5 മാസം<br><br>ജൂൺ-മാർച്ച്<br><br>4 മാസം | സംസ്കൃതം ക്ലാസ്റൂം<br><br>സംസ്കൃതം ക്ലാസ്റൂം<br><br>ക്ലാസ്റൂം<br><br>ക്ലാസ്റൂം സ്കൂൾ<br>ഓഡിറ്റോറിയം | സംസ്കൃതം<br>അധ്യാപകർ<br><br>സംസ്കൃതം<br>അധ്യാപകർ<br><br>പി ടി എ റിസോഴ്സ്<br><br>പി ടി<br>എഅധ്യാപകർ |

| | | | | |
|---|---|---|---|---|
| | | | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആമുഖം

ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത് .കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹ്യവും വൈകാരികവുമായ വികാസത്തിന് കായികാഭ്യാസവും യോഗചര്യകളും ചെയ്യുന്നതിന് പാടി പദ്ധതി അവസരം ഒരുക്കുന്നു .കായിക ക്ഷമതയ്ക്ക് പുറമെ കുമാരി കുമാരൻമാരുടെ ആരോഗ്യപ്രശ്നങ്ങൾ ശാരീരിക വളർച്ച കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും, ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് .അതോടൊപ്പം താല്പര്യമുള്ള കായിക മേഖലകൾ തിരഞ്ഞെടുത്തു അവയിൽ മികവ് നേടുന്നതിനുള്ള അവസരവും ഉറപ്പാക്കണം

# .ആരോഗ്യ കായിക വിദ്യാഭ്യാസം പ്രശ്നങ്ങൾ

**അക്കാദമികം**

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല .
- കായിക ക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി എല്ലാ ക്ലാസുകളിലും നടപ്പാക്കുന്നതിന് അനുവദിച്ച പിരീഡ് അവരെന്ന .
- കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകർ ഇല്ല .

- കായിക വിദ്യാഭ്യാസത്തിന്റെ പീരിയഡുകൾ ക്രമീകരിക്കുന്നതിൽ പരിമിതികൾ ഉണ്ട് .
- ഓരോ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം നിർണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.

## ഭൗതികം

- നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൽ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല
- ഇൻഡോർ സ്റ്റേഡിയം യോഗ പ്രവർത്തനം ജിംനേഷ്യം സിമ്മിംഗ് പൂൾ ഫുട്ബോൾ ഹോക്കി എന്നീ കളികൾക്ക് അനുയോജ്യമായ ടർഫ് സൗകര്യമില്ല
- കുട്ടികൾക്ക് കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് മുമ്പും ശേഷവും വസ്ത്രം ആടുന്നതിനും ശരീരം ശുദ്ധമാക്കുന്നതിനും സൗകര്യം ഇല്ല
- ജമ്പിങ് പിറ്റ മാറ്റ് എന്നിവയില്ല
- പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭ്യമാകുന്നില്ല
- കായിക പഠനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ ഇല്ല

## സാമൂഹികം

നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാകുന്നില്ല

പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസ പ്രാധാന്യം സംബന്ധിച്ച് പരിപാടികളില്ല

പ്രശ്ന വിശകലനം

മേഖല അക്കാദമികം

പ്രശ്നം :എല്ലാ കുട്ടികൾക്കും പാടിയ പദ്ധതി നിർദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>ക്കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൽ പെൺകുട്ടികൾ വിമുഖത കാണിക്കുന്നു. മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായികവണ്ണത്തിന് നൽകുന്നില്ല<br>**അധ്യാപകർ**<br>മുൻ അനുഭവം ഇല്ലാത്ത കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള | കായികക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക, എല്ലാ കുട്ടികളെയും നീന്തൽ പഠനം ഉറപ്പാക്കാൻ ക്ലാസുകളിൽ കായികണ്ണത്തിന് അവസരം, ഒരു പ്രാദേശിക കായിക പ്രതിഭകളുടെ സേവനം ഉറപ്പാക്കാൻ രക്ഷാകർത്ത ബോധവൽക്കരണ പരിപാടി നടപ്പാക്കാൻ പീരിയഡുകൾ വർധിപ്പിക്കൽ, സ്പോർട്സ് | ബാലൻസ് സർച്ച് പരിപാടി, കുട്ടികൾക്ക് കായിക ശിൽപ്പശാല ,സമ്പൂർണ്ണ നീന്തൽ സാക്ഷരത ,എൽ പി യു പി തലങ്ങളിൽ കായിക അധ്യാപക സേവനം, രക്ഷകർക്ക് ബോധവൽക്കരണം ,ഭൗതിക സാഹചര്യം ഒരുക്കൽ, സ്പോർട്സ് കൗൺസിലർ സഹായം |

| | | |
|---|---|---|
| പ്രയാസം എല്ലാ മേഖലകളിലും പരിശീലനം നൽകാൻ കഴിയുന്നില്ല രക്ഷിതാവ്<br><br>കുട്ടികളെ കായിക പ്രവർത്തനത്തിൽ പങ്കെടുപ്പിക്കുന്നതിന് താല്പര്യമില്ല സംവിധാനം കായിക പ്രവർത്തനത്തിൽ വേണ്ട സൗകര്യം ഇല്ല താഴെ ക്ലാസുകളിൽ കായികണ്ണത്തിന് അധ്യാപകരില്ല കായിക പഠനത്തിന് ആവശ്യമായ പീരിയഡുകളിൽ ഇല്ല | കൗൺസിൽ സേവനം ഉറപ്പാക്കൽ | |

## പരിഹാര പ്രവർത്തനങ്ങളും വിശദാംശങ്ങളും

കുട്ടികൾക്ക് താല്പര്യമുള്ള കായികങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നൽകുകയും ഒരേ ലഭിച്ച കുട്ടികളെ നിശ്ചിത മേഖലയുടെ പ്രാഥമിക ശേഷിയും നിലവാരം അളക്കുന്നതിനും നിശ്ചിത ഇനത്തിൽ കുട്ടികൾക്ക് സാധ്യത കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തണ

കായിക മേഖല തെരഞ്ഞെടുക്കുന്ന മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശില്പശാല സംഘടിപ്പിക്കും

കായിക പരിശീലനം എല്ലാ ആഴ്ചകളിലും രാവിലെയും വൈകുന്നേരവും കായിക പരിശീലനം സംഘടിപ്പിക്കും

കുട്ടികളുടെ ഹാജർ നിർബന്ധമാക്കും

നീന്തൽ സാക്ഷരത ..മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കുന്ന പ്രവർത്തനം

ഭൗതിക സാഹചര്യങ്ങൾ ഇൻഡോർ സ്റ്റേഡിയം ജിന്ന മിഷൻ സ്വിമ്മിങ് പൂള ജം പിറ്റ എന്നിവ നിർമ്മിക്കൽ

കളിക്കളം ചെയ്യൽ

കായിക ഉപകരണങ്ങൾ ലഭ്യമാക്കാൻ

# കലാപഠനം സമഗ്രാസൂത്രണം

## പ്രവർത്തനം

സംഗീതം 'ചിത്രകല 'അഭിനയം' നൃത്തം' പ്രസംഗകല 'ശില്പ കല ഈ കലയിൽ കൂടുതൽ മികവ് കാട്ടുന്ന കുട്ടിയെ പരമാവധി പ്രോത്സാഹനം കൊടുത്ത കുട്ടിയുടെ സർക്കാരുമായ കഴിവിൽ ഉയരങ്ങളിൽ എത്തിക്കുക എന്നത് അധ്യാപകന്റെ കടമയിൽപ്പെടുന്നു .

**പ്രസംഗകല** ഓരോ ക്ലാസിലെയും കുട്ടിയെ എണീപ്പിച്ച് നിർത്തി ഒരു മിനിറ്റ് പ്രസംഗം നടത്തുവാൻ ഒരു മണിക്കൂർ സമയം

**കലോത്സവ ഫണ്ട് രൂപീകരണം** വർഷങ്ങളായി പരിചയമുട്ട് ,മാർഗംകളി ജേതാക്കളായ നമ്മുടെ സ്കൂളിന് സംസ്ഥാനത്ത് പങ്കെടുപ്പിക്കാൻ ഏകദേശം ₹80,000 രൂപ ഫണ്ട് ശേഖരിക്കണം

വർഷാരംഭത്തിൽ ഓട്ടൻതുള്ളൽ ,കഥകളി തുടങ്ങിയ കലാരൂപം സ്കൂളിൽ അവതരിപ്പിക്കുന്നു. ഓരോ കുട്ടിയും പാസ്സുകന് പരിപാടിയിൽ പങ്കെടുപ്പിച്ച ഒരു തുക സമാഹരിക്കാൻ കഴിയും

**പിടിഎയുടെ ഇടപെടൽ** സ്കൂൾ കലാ പഠനത്തിൽ രക്ഷിതാക്കൾക്കുള്ള മികവ് തെളിയിച്ച കലാകാരന്മാരും കലാകാരികളെയും സ്കൂളിൽ വിളിച്ച് അവരുടെ കലാപ്രകടനം കുട്ടികൾക്ക് കൈമാറാനുള്ള അവസരം ലഭ്യമാക്കുക

ഡാൻസിൽ പ്രാവീണ്യം തെളിയിച്ച കലാകാരികൾ അഭിനയത്തിൽ മികവ് തെളിയിച്ചവർ കരകൗശലത്തിൽ മികവ് കാട്ടിയവർ ശില്പ ചാതുരിയിൽ വിദഗ്ധരായവർ ചിത്രകലയിൽ ചാതുര്യമുള്ളവർ നാടൻപാട്ട് നാടൻ സംഗീതോപകരണം കൈകാര്യം ചെയ്യുന്ന പൂർവ്വ വിദ്യാർത്ഥികൾ ഇവയെല്ലാം സ്കൂളിൽ അക്കാദമി പ്രവർത്തനത്തിൽ പങ്കാളികളാക്കാം

**മേഖല** സാമൂഹിക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ മാതൃക രേഖ നിർദ്ദേശിക്കുന്ന തരത്തിൽ വിദ്യാലയ വികസന സമിതി രൂപീകരിക്കൽ പൂർവ്വ വിദ്യാർത്ഥി സംഘടന സ്കൂളിൽനിന്ന് എസ്എസ്എൽസി കഴിഞ്ഞുപോയ എല്ലാവരും ഈ സംഘടനയിൽ അംഗമാണ് അവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള സംവിധാനം നമ്മൾ ആസൂത്രണം ചെയ്യുന്നു

മികച്ച കുട്ടികളെ സംഘടനകൾ ദത്തെടുക്കുന്ന സംവിധാനം റവന്യൂ ദലം സംസ്ഥാനതലം മത്സരത്തിൽ വിജയൻ വരിച്ച സാമ്പത്തിക പിന്നോക്കമുള്ള കുട്ടികളെ തുടർപഠനത്തിന് ചില സന്നദ്ധ സംഘടനകൾ ഉണ്ട് ഈ പ്രവണതയെ പ്രോത്സാഹിപ്പിച്ചാൽ കഴിവുള്ള കലാകാരന്മാരുടെ സർഗ്ഗാത്മകമായ കഴിവുകൾ മുരടിച്ചു പോകാതെ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ അവസരം ലഭ്യമാകുന്നു

ഓരോ കലാരൂപങ്ങളും അന്യൻ നിന്നു പോകാത്ത തലമുറയിലേക്ക് പകർന്നു കൊടുക്കാനും ഈ കലാകാരന സാധിക്കുന്ന കുട്ടികൾക്ക് സംഗീതത്തിന്റെ പ്രസക്തി വ്യക്തമാക്കുന്ന ചില ഉദാഹരണങ്ങൾ മൊബൈലും ആഴമുള്ള നേന്ത്രക്കാൻ പറ്റാത്ത ബന്ധം സ്ഥാപിച്ചിരിക്കുന്ന

കുട്ടികളെ സാവകാശം ശീലത്തിൽ നിന്ന് വിട്ടുവിക്കാൻ ഉപകരണങ്ങൾക്ക് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഒരുക്കുന്നു

ട്രിപ്പിൾ ഹാർമോണിയം ബീറ്റാർ ഇലക്ട്രിക് ഓർഗൻ തുടങ്ങിയ സംഗീത ഉപകരണങ്ങൾ കുട്ടികൾക്ക് പ്രിയപ്പെട്ടതാണ്

സ്കൂൾ റേഡിയോ രാവിലെയും ഉച്ചയ്ക്കും റേഡിയോ സന്ദേശം ക്ലാസ് റൂമിലേക്ക് നൽകുന്ന സംവിധാനം നടപ്പിൽ വരണം അതുവഴി കുട്ടികൾ അവരുടെ സ്വന്തം കവിതകൾ നാടൻ പാട്ടുകൾ ആഘോഷ ദിവസങ്ങളിലെ പ്രസംഗങ്ങൾ റേഡിയോ വഴി ക്ലാസിൽ എത്തിക്കാം

പൂർവ്വ അധ്യാപകരും പിടിഎ മെമ്പർമാരും ഇതുവരെ ചിന്തിക്കാതിരുന്ന ശക്തിസ്രോതസ്സുകൾ ആണ് പൂർവ്വ അധ്യാപകരും പിടിഎക്കാരും അവരുടെ സേവനം വിലപ്പെട്ടതാണ്

**കരിയർ മാസ്റ്റർ** 8 9 10 ക്ലാസുകളിലെ പഠനരീതി വായന പരിശീലനം ഉന്നത വിജയം നേടുന്നതിനുള്ള പരിശീലനം ഈ പരിശീലന പരിപാടികൾ വിരമിച്ച അധ്യാപകരെയും സ്കൂളിനോട് മികവിൽ താല്പര്യമുള്ള റേഡിയോ ഭാരവാഹികളെയും ചുമതലപ്പെടുത്തിയാൽ പരിശീലനം ഭംഗിയാവും

മരുന്നുകളും മദ്യത്തിനെതിരുമായ സമീപനം കൗമാരക്കാരുടെ ഫാഷൻ ഭാവവും ലഹരിയോടുള്ള സമീപനവും മാറ്റിയെടുക്കാൻ യുവജന കൂട്ടായ്മ എയർപോർട്ടിൽ ഈ ഷോർട്ട് ഫിലിമിനും ടാബ്ലൊ പോലുള്ള നിശ്ചല ചിത്രങ്ങൾക്കും നിർണായകമായ പങ്കുവയ്ക്കാൻ സാധിക്കും

ഫോട്ടോഗ്രാഫി ദിവസങ്ങളിൽ ഫോട്ടോഗ്രാഫി എന്ന കലയിൽ ആയ കുട്ടികളെ അതിന് പ്രാപ്തരാക്കാനുള്ള സംവിധാനം നമ്മൾ ഏർപ്പെടുത്തുന്നു അവരുടെ ചിത്രങ്ങൾ ഒരു പ്രദർശനം സ്കൂളിൽ നടത്തുമ്പോൾ കുട്ടികൾക്ക് നല്ലൊരു പ്രോത്സാഹനം കിട്ടുകയാണ്

# പ്രതിഭകൾക്കായി

പഠന മേഖലയിൽ മുന്നോട്ട് പിന്നോക്കക്കാരും ഉണ്ട് ഇവരിൽ നിന്നൊക്കെ പ്രതിഭകളെ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നത്

# പ്രവർത്തനങ്ങൾ

- കുട്ടികളുടെ ഐക്യ വിലയിരുത്തി പ്രതിഭകളെ തിരഞ്ഞെടുക്കുക
- അവർക്കായി ചോദ്യോത്തരങ്ങൾ നൽകുന്നു
- മാസത്തിൽ ഒരിക്കൽ മത്സരങ്ങൾ സംഘടിപ്പിച്ച വിജയികളെ പ്രോത്സാഹിപ്പിക്കുന്നു
- വിവിധ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കുന്നു
- മെഗാ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു

- മത്സരങ്ങൾ സംഘടിപ്പിക്കുന്നു
- പുസ്തകം നൽകി അവരുടെ അറിവിനെ പരിപോഷിപ്പിക്കുന്നു
- ഇന്റർ സ്കൂൾ മത്സരങ്ങൾക്ക് വേദിയൊരുക്കുന്നു

# ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അക്കാദമിക് മികവ് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിൽ നിന്നുകൊണ്ടാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് .

- അഞ്ചു മുതൽ 10 വരെയുള്ള ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷികളും ധാരണകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക,
- മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക
- കലാകായിക പ്രവർത്തി പരിചയ പഠനത്തിൽ താല്പര്യവും പങ്കാളിത്തവും ഉറപ്പുവരുത്തുക ,
- ഉന്നത പഠനനിലവാരം കൈവരിക്കാൻ ആവശ്യമായ സാഹചര്യങ്ങളും സൗകര്യങ്ങളും സൃഷ്ടിക്കുക ,
- കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനും വളർത്താനും വേദിയൊരുക്കുക ,
- അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുക '
- ക്ലാസ് മുറികളിൽ ഐസിടി സാധ്യതകൾ ഉപയോഗിച്ചുള്ള ആശയവിനിമയം ഉറപ്പുവരുത്തുക സമൂഹത്തെ വിദ്യാലയത്തിലേക്കും വിദ്യാലയത്തിൽ സമൂഹത്തിലേക്ക് നയിക്കുകകാർക്കും, പ്രതിഭകൾക്കും പ്രത്യേകം പരിശീലനം ഉറപ്പുവരുത്തുക ,
- ഗവേഷണ ആത്മക പഠനത്തിന് അവസരം ഒരുക്കുക
- കുട്ടികളുടെ സ്വഭാവരൂപവൽക്കരണംഉറപ്പുവരുത്തുക
- കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുക
- ലഹരി വിമുക്ത പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക
- ഹരിത വിദ്യാലയം ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക
- വിദ്യാലയത്തിന്റെ ഉന്നമനത്തിനായി പ്രാദേശിക വിഭവങ്ങളെ പ്രയോജനപ്പെടുത്തുക കൃഷിയോടുള്ള താല്പര്യം കുട്ടികളിൽ വളർത്തുക
- ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക
- മാലിന്യനിർമാർജനം അവരവരുടെ കടമയാണ് എന്ന
- അവബോധം കുട്ടികളിൽ വളർത്തുക

THANK YOU